HQ/20/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 18-10-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-HQ/20/2022/EXCISE**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് – NDPS Act പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ നിന്നും വ്യക്തികളെ തടയുന്നതിനായി കരുതൽ തടങ്കലിൽ പാർപ്പിയ്ക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉൽപ്പാദനം, കടത്തൽ, നിർമ്മാണം, വാങ്ങൽ, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതികളെ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കുവാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭാഗം ഒന്നിലെയും ഭാഗം രണ്ടിലെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം I

**സ്ഥിരം കുറ്റവാളികൾക്ക് കരുതൽ തടങ്കൽ വ്യവസ്ഥകൾ**

NDPS Act പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ നിന്നും വ്യക്തികളെ തടയുന്നതിനായി കരുതൽ തടങ്കലിൽ പാർപ്പിയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമമാണ് Prevention of Illicit Traffic in Narcotic Drugs and Psychotropic Substances (PITNDPS) Act. പ്രസ്തുത നിയമപ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ NDPS ആക്ടിൻറെ 2 (Viii b) വകുപ്പിൽ പറയുന്ന പ്രകാരം അനധികൃതമായി മയക്കമരുന്ന് സംബന്ധിച്ച കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന ഏതൊരു വ്യക്തിക്കെതിരെയും കരുതൽ തടങ്കലിൽ പാർപ്പിക്കാൻ ഉത്തരവിടാവുന്നതാണ്. പരമാവധി രണ്ട് വർഷം വരെ ഈ കരുതൽ തടങ്കൽ ഉത്തരവാകാവുന്നതാണ്.

**കരുതൽ തടങ്കലിനുള്ള നടപടിക്രമം**

NDPS ആക്ടിന്റെ 2 Viii(b) പ്രകാരമുള്ള ഒരു കുറ്റകൃത്യം വെളിപ്പെടുകയും അനധികൃത തൊണ്ടിവസ്തുക്കൾ പിടിച്ചെടുക്കപ്പെടുകയും പ്രാഥമിക അന്വേഷണത്തിലൂടെ ഈ കുറ്റകൃത്യത്തിൽ വിവിധ പ്രതികളുടെ കുറ്റകരമായ പ്രവർത്തനം വെളിപ്പെടുകയും ചെയ്യുന്ന അവസരത്തിൽ അവർക്കെതിരെ കരുതൽ തടങ്കലിനുള്ള അപേക്ഷ അയക്കാവുന്നതാണ്. പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഇത് ചെയ്യാം. അപേക്ഷയിൽ പ്രതികളെ കരുതൽ

തടങ്കലിൽ പാർപ്പിച്ചില്ലെങ്കിൽ നിയമവിരുദ്ധവും പൊതുജനങ്ങൾക്ക് ഹാനികരവുമായ കുറ്റകൃത്യങ്ങൾ, മയക്കുമരുന്നുകളുടെ നിയമവിരുദ്ധമായ കൈകാര്യം ചെയ്യലിലൂടെ ഇവർ ചെയ്യാൻ സാധ്യതയുണ്ട് എന്ന കാര്യം വ്യക്തമായി പറയണം. കേസ് എടുക്കുകയും തൊണ്ടിവസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്ത് 45 ദിവസത്തിനകം തന്നെ അപേക്ഷ , ക്ഷമതയുള്ള (കരുതൽ തടങ്കലിൽ പാർപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ചുമതലപ്പെട്ട) അധികാരിക്ക് മുന്നിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം ആ അപേക്ഷ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി പരിശോധിച്ചാണ് കരുതൽ തടങ്കലിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്. അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ കേരള സംസ്ഥാനത്തിൽ ബന്ധപ്പെട്ട ഉത്തരവ് പ്രകാരം ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മേൽപറഞ്ഞ പ്രകാരം അപേക്ഷ കൈകാര്യം ചെയ്ത് ഒരു വർഷത്തേക്ക് ആവശ്യമെങ്കിൽ രണ്ട് വർഷത്തേക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉപദേശകസമിതിയുടെ ഉത്തരവിന് വിധേയമായി നീട്ടത്തക്കവണ്ണമുള്ള കരുതൽ തടങ്കലിനുള്ള ഉത്തരവ് പുറപ്പെടുവിക്കും. ഈ ഉത്തരവിൻറെ പകർപ്പ് അതിൽ പ്രസ്താവിച്ചിരിക്കുന്ന പ്രതിക്ക് നടത്തി അയാളെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ജയിലിൽ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതാണ്. പ്രതി ജയിലിൽ കഴിയുന്ന ആളാണെങ്കിൽ ജയിലിൽ വെച്ചുതന്നെ അയാൾക്ക് ഇത് നടത്തിക്കുന്നതായിരിക്കും.

ഇപ്രകാരം നടത്തിക്കുമ്പോൾ ഉത്തരവിൻറെ പകർപ്പും അതിന് ആധാരമായിട്ടുള്ള രേഖകളുടെ പകർപ്പും പ്രതിക്ക്/കരുതൽ തടങ്കലിൽ പാർപ്പിക്കാനുദ്ദേശിക്കുന്ന വ്യക്തിക്ക് നൽകി അത്തരത്തിൽ നൽകുന്ന കടലാസുകളിൽ എല്ലാത്തിലും തടവുകാരൻറെ ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഉത്തരവും അനുബന്ധരേഖകളും ഒരുമിച്ച് സമർപ്പിക്കുവാൻ സാധ്യമാകുന്നില്ലെങ്കിൽ ഉത്തരവ് ആദ്യവും രേഖകൾ 5 ദിവസത്തിനകവും നിർബന്ധമായും തടവുകാരന് നൽകി ഒപ്പിട്ട് വാങ്ങേണ്ടതാണ്.

തടവുകാരന് എഴുതാനും വായിക്കാനും അറിയാവുന്ന ഭാഷയിൽ ആയിരിക്കണം ഉത്തരവും രേഖകളും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരമല്ലെങ്കിൽ ഉത്തരവിന്റെ, അയാൾക്ക് അറിയാവുന്ന ഭാഷയിലുള്ള തർജ്ജമയോ, എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ആളുകൾക്ക് അവർക്ക് അറിയാവുന്ന ഭാഷയിൽ പ്രസ്തുത ഉത്തരവ്, സാക്ഷികളുടെ സാന്നിധ്യത്തിൽ വായിച്ചു കേൾപ്പിച്ച് മനസിലായി എന്നുറപ്പ് വരുത്തുകയോ ചെയ്തിരിക്കണം.

ഒരു വർഷം കരുതൽ തടങ്കലിൽ ഉള്ള ഉത്തരവുകളുടെ മേൽ ഉപദേശകസമിതി അഞ്ച് മാസത്തിനകവും, അതിനുമേൽ PITNDPS Act Section 10 പ്രകാരം ഉത്തരവാകുന്ന ഒരു വർഷത്തിന്മേൽ ഉത്തരവാകുന്ന തടങ്കലുകളിൽ പതിനൊന്ന് ആഴ്ചക്കകവും ഉപദേശകസമിതിയുടെ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

അപേക്ഷ തയ്യാറാക്കുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1 . സംഭവദിവസത്തിനുശേഷം ഒട്ടും കാലതാമസമില്ലാതെതന്നെ(മുപ്പതു ദിവസത്തിനകം) അപേക്ഷ സമർപ്പിക്കുക

2 . രാസപരിശോധനഫലം മുതലായ സാങ്കേതിക കാരണങ്ങളാൽ കാലതാമസം വരുന്നുവെങ്കിൽ അത് അപേക്ഷയിൽ വിശദമായി പറയണം.

3 . പ്രതിയെ തടങ്കലിൽ പാർപ്പിക്കാൻ ഉദ്ദേശിക്കുന്ന ആളെ സംബന്ധിക്കുന്ന നിയമപരമായ സാഹചര്യം, അതായത് ജാമ്യാപേക്ഷകൾ, കോടതിയുടെ തീർപ്പുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ, മറ്റ് ഇത് സംബന്ധമായ എന്തെങ്കിലും, ഏതെങ്കിലും കോടതിയുടെ പരിഗണനയിലിരിക്കുന്നുവെങ്കിൽ അതിനെ സംബന്ധിക്കുന്ന വിവരങ്ങൾ മുതലായ എല്ലാ കാര്യങ്ങളും അപേക്ഷയിൽ കൃത്യമായി പറഞ്ഞിരിക്കണം.

4. രാസപരിശോധനാറിപ്പോർട്ട് നിർബന്ധമായും ഉൾപ്പെടുത്തണം

5 . അപേക്ഷക്ക് സാധൂകരണമായി പറയുന്ന എല്ലാ രേഖകളുടെയും വ്യക്തമായ പകർപ്പുകൾ അപേക്ഷയോടൊപ്പം ചേർത്തിരിക്കണം.

6 . തടങ്കൽ ഉത്തരവിൻറെയും അനുബന്ധരേഖകളുടെയും ഒരു കൂട്ടം പകർപ്പ് തടവിലാക്കാനുദ്ദേശിക്കുന്ന ആളുടെ ഒപ്പോടുകൂടി സംസ്ഥാനത്തെ PITNDPS CELL ന് അയച്ചുകൊടുക്കേണ്ടതാണ്.

7 . തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പൂർണ്ണമായ 3 കൂട്ടം പകർപ്പുകൾ ഉപദേശകസമിതിക്ക് നൽകുന്നതിനായി ക്ഷമതയുള്ള അധികാരിക്ക് (ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) അയച്ചുകൊടുക്കേണ്ടതാണ്.

8 . സാധാരണഗതിയിൽ കരുതൽ തടങ്കൽ ഉത്തരവിന് 3 മാസത്തിനകം ഉപദേശകസമിതിയുടെ അംഗീകാരം ഉണ്ടായിരിക്കണം എന്നത് ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 22 (4)(a) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. എന്നാൽ PITNDPS Act Section 10(1) പ്രകാരം അതിൽ പറയുന്ന മർമ്മപ്രധാന പ്രദേശങ്ങളിൽ നടത്തപ്പെടുന്ന കുറ്റകൃത്യങ്ങൾക്ക് മേൽ പറഞ്ഞ പ്രകാരം 3 മാസത്തിനുള്ളിലുള്ള ഉപദേശകസമിതിയുടെ അവലോകനം കൂടാതെതന്നെ തടങ്കൽ 3 മാസത്തിലധികം നീട്ടാവുന്നതാണ്. പക്ഷേ അതിനായി ഇതിനെ സംബന്ധിക്കുന്ന കൃത്യവും വ്യക്തവുമായ റിപ്പോർട്ട് തടങ്കൽ ആരംഭിച്ച് 5 ആഴ്ചയ്ക്കകം തയ്യാറാക്കി ക്ഷമതയുള്ള അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

10. തടങ്കലിനെ സംബന്ധിച്ച് ലഭിക്കുന്ന പരാതിയും മറ്റും കിട്ടി ഒരാഴ്ചയ്ക്കകം തന്നെ ഖണ്ഡിക തിരിച്ചുള്ള സാധൂകരണവും മറുപടിയും PITNDPS CELL ന് സമർപ്പിക്കേണ്ടതാണ്.

**<u>തടങ്കൽ അധികാരി</u>**

PITNDPS Act 1988 Section 3(1) പ്രകാരം സംസ്ഥാന സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ . 43137/SSA1/88-1/HOME dated 23rd September 1988, SRO No. 1568/88 പ്രകാരം സംസ്ഥാന ആഭ്യന്തരവകുപ്പ് സെക്രട്ടറിയെ തടങ്കൽ അധികാരിയുടെ ചുമതല നടത്താൻ അധികാരപ്പെടുത്തിയിട്ടുണ്ട്.

**<u>പേരും വിലാസവും</u>**

ഡോ വി.വേണു ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, റൂം നമ്പർ. 657, ഒന്നാം നില, മെയിൻ ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, ഫോൺ; 0471-2518455.

**<u>ഉപദേശക സമിതി</u>**

PITNDPS Act Section 9 (a) പ്രകാരം ഗസറ്റ് വിജ്ഞാപനം Home – SSA1/678/2021-Home dated 12.10.2021 പ്രകാരം താഴെ പറയുന്ന ഉപദേശകസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

1. Sri. Justice S.V. Bhatti - Chairman

Judge, High Court of Kerala

2. Shri Justice AK Jayasankaran Nambiar - Member
Judge, High Court of Kerala

3. Shri Justice Anil K Narendran - Member
Judge, High Court of Kerala

സമിതിയുടെ ആസ്ഥാനം എറണാകുളം ആണ്.

സമിതിയുടെ വിലാസം: Advisory Board, PITNDPS, High Court Building, High Court of Kerala, Ernakulam, Ph: 0484-2393901

**തടങ്കൽ കേന്ദ്രം**

കരുതൽ തടങ്കലിൽ പാർപ്പിക്കുന്നവരെയെല്ലാം തിരുവനന്തപുരം സെൻട്രൽ ജയിലിൽ പാർപ്പിക്കുന്നതാണ്.

**ഉത്തരവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ**

കരുതൽതടങ്കൽ ഉത്തരവിന്റെ 8 പകർപ്പുകൾ തയ്യാറാക്കി ഒപ്പിട്ട് താഴെ പറയുന്ന അധികാരികൾ അയച്ചുകൊടുക്കുന്നതാണ്.

1 . കരുതൽ തടങ്കൽ ഉത്തരവ് നടപ്പാക്കേണ്ട അധികാരസ്ഥാനം- പോലീസ്, എക്സൈസ് മുതലായവർ

2. തടങ്കലിൽ വെയ്ക്കാൻ ഉദ്ദേശിക്കുന്ന ആൾ

3. പ്രസ്തുത വ്യക്തിയുടെ കിട്ടിയതായുള്ള അടയാളം വാങ്ങി തിരികെ എടുക്കുന്നതിനായി

4. തടങ്കലിൽ പാർപ്പിക്കാനുള്ള ജയിലിന്റെ സൂപ്രണ്ട്

5. ആഭ്യന്തര വകുപ്പ് സെക്രട്ടറി

6. തടങ്കലിന് അപേക്ഷിക്കുന്ന അധികാരി - പോലീസ്, എക്സൈസ് മുതലായവർ

7. വസ്തുവകകൾ പിടിച്ചെടുക്കാൻ അധികാരപ്പെട്ട അധികാരി

8. PITNDPS യൂണിറ്റിന്റെ അറിവിലേയ്ക്കായി

**തടവിനുള്ള സാധൂകരണം**

കരുതൽ തടങ്കൽ ഉത്തരവിനുള്ള സാഹചര്യങ്ങൾ വ്യക്തമാക്കുന്ന രേഖകളുടെ 4 കൂട്ടം പകർപ്പ് തടങ്കൽ അധികാരി ഒപ്പിട്ട് പുറപ്പെടുവിക്കും. ഇവ താഴെ പറയുന്നവർക്ക് വേണ്ടിയാണ്.

HQ/20/2022/EXCISE

1. തടവുകാരൻ
2. തടവുകാരൻറെ ഒപ്പിട്ട രശീതോടെ മടക്കി വാങ്ങാനായി
3. തടവിന് അപേക്ഷിക്കുന്ന അധികാരസ്ഥാനത്തിൻറെ സൂക്ഷിപ്പിനായി
4. ഓഫീസ് പകർപ്പ്

**ഉത്തരവ് നടപ്പിലാക്കുന്ന രീതികൾ**

- ഉത്തരവ് പുറപ്പെടുവിച്ച് 10 ദിവസത്തിനകം സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനെ പ്രസ്തുത കാര്യം അറിയിക്കുന്നതാണ്.
  - തടവിനെ സാധൂകരിക്കുന്ന രേഖകൾ സാധാരണഗതിയിൽ 5 ദിവസത്തിനകവും പ്രത്യേക സാഹചര്യങ്ങളിൽ 15 ദിവസം കവിയാതെയും തടവുകാരന് നൽകേണ്ടതാണ്
  - കരുതൽതടങ്കൽ ഉത്തരവ് ഇന്ത്യയിലെവിടേയും വാറണ്ട് നടപ്പാക്കാൻ ക്രിമിനൽ നടപടി നിയമം 1973 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടപ്പാക്കാവുന്നതാണ്.
  - തടവ് ആരംഭിച്ച് 5 ആഴ്ചയ്ക്കകം ഉപദേശകസമിതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഉപദേശകസമിതി 11 ആഴ്ചയ്ക്കകം തടവ് സ്ഥിരീകരിക്കുകയോ, മറിച്ചോ ഉത്തരവിടുന്നതുമാണ്
  - ഉപദേശകസമിതി സ്ഥിരീകരിച്ചിട്ടില്ലെങ്കിൽ തടവുകാരനെ ഉടനെ വിട്ടയക്കേണ്ടതാണ്.
  - ഉപദേശകസമിതി തടവിന് ആവശ്യമായ സാഹചര്യം ഉണ്ടെന്ന് കണ്ടെത്തിയാൽ സർക്കാർ കരുതൽ തടങ്കൽ ഉത്തരവ് സ്ഥിരപ്പെടുത്തേണ്ടതും തടങ്കലിൽ പാർപ്പിക്കേണ്ട സമയപരിധി (പരമാവധി 1 വർഷം) പ്രസ്തുത ഉത്തരവിൽ പ്രസ്താവിക്കേണ്ടതുമാണ്.
  - തടങ്കൽ ഉത്തരവ്, സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അത് പുറപ്പെടുവിക്കുന്ന സംസ്ഥാന സർക്കാരിനോ, കേന്ദ്ര സർക്കാരിനോ അത് എപ്പോൾ വേണമെങ്കിലും റദ്ദ് ചെയ്യാവുന്നതാണ്. ഒരിക്കൽ റദ്ദ് ചെയ്യപ്പെടുന്ന ഉത്തരവ് പ്രസ്തുത വ്യക്തിക്കെതിരെ മറ്റൊരു തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബാധകമല്ല.
  - താല്ക്കാലിക വിട്ടുതൽ (സെക്ഷൻ 13)
  - തടവുകാരനെ നിശ്ചിതസമയത്തേക്ക് ഉപാധികൾ (വ്യവസ്ഥകൾ)ക്ക് വിധേയമായോ അല്ലാതെയോ താല്ക്കാലിക വിട്ടുതൽ ചെയ്യാവുന്നതാണ്.
  - നിബന്ധനകൾ തെറ്റിച്ചാൽ വിട്ടുതൽ റദ്ദാക്കാവുന്നതാണ്.
  - താല്ക്കാലിക വിട്ടുതൽ ലഭിച്ച ആൾ തിരികെ ഹാജരാകുന്നില്ലെങ്കിൽ 2 വർഷം വരെ തടവുശിക്ഷക്കും പിഴയ്ക്കും ബാധ്യസ്ഥനാണ്.
  - കരാൽപത്രം (ബോണ്ട് തുക), നിബന്ധനകൾ ലംഘിച്ചാൽ കണ്ടുകെട്ടാവുന്നതാണ്
  - ഈ നിയമപ്രകാരം വിട്ടുതലല്ലാതെ ജാമ്യത്തിന് വ്യവസ്ഥകളില്ല.

**അനധികൃത സ്വത്തുക്കൾ പടിച്ചെടുക്കുന്നതിനെക്കുറിച്ച്**

കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാൽ ആ വ്യക്തിയുടെയോ

ബന്ധുക്കളുടെയോ, സഹകുറ്റവാളികളുടെയോ വസ്തുവകകൾ NDPS Act അധ്യായം V(a) പ്രകാരം പിടിച്ചെടുക്കുകയോ, മരവിപ്പിക്കുകയോ, കണ്ടുകെട്ടുകയോ ചെയ്യാവുന്നതാണ്. NDPS Section 53 പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ചെയ്യേണ്ടതും അയാളുടെ ഉത്തരവിൻറെ പകർപ്പ് Section 68(d) പ്രകാരം നിശ്ചയിച്ചിട്ടുള്ള അധികാരസ്ഥാനത്തിന് 48 മണിക്കൂറിനകം അയച്ചുകൊടുക്കേണ്ടതുമാണ്. പ്രസ്തുത അധികാരസ്ഥാനം 30 ദിവസത്തിനകം ഇതിനെ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**<u>ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

കരുതൽ തടങ്കൽ വളരെ സൂക്ഷിച്ച് നടപ്പാക്കേണ്ട ഒരു വ്യവസ്ഥയായതിനാൽ അതിനായി അന്വേഷണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന പ്രമേയങ്ങൾ വളരെ ശ്രദ്ധാപൂർവ്വം ആവശ്യമായ വിവരങ്ങളെല്ലാം ചേർത്ത് നിയമപരമായ കൃത്യത ഉറപ്പുവരുത്തി തയ്യാറാക്കേണ്ടതാണ്. ഇവയിൽ കൃത്യമായ മേൽനോട്ടം ആവശ്യമാകയാൽ ബന്ധപ്പെട്ട മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രസ്തുത മേഖലയിലെ ഇന്റലിജൻസ് അസിസ്റ്റൻന്റ് എക്സൈസ് കമ്മീഷണർ, പ്രസ്തുത മേഖലയിലെ മറ്റേതെങ്കിലുമൊരു ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി ഇത്തരം പ്രമേയങ്ങൾ പരിശോധിച്ച് അവയുടെ ആവശ്യകതയും, സാധൂതയും, കൃത്യതയും ഉറപ്പ് വരുത്തിയശേഷം മാത്രമേ ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ പ്രസ്തുത പ്രമേയം തടങ്കൽ അധികാരിക്ക് അയയ്ക്കാവൂ.

**<u>കരുതൽ തടങ്കൽ അപേക്ഷിയ്ക്കാനുള്ള നിബന്ധന</u>**

മീഡിയം ക്വാണ്ടിറ്റിയും അതിന് മുകളിലും പെടുന്ന 2 കേസുകളിലെങ്കിലും പ്രതിയാക്കപ്പെട്ടിട്ടുള്ളവർക്ക് എതിരെയാണ് കരുതൽ തടങ്കൽ അപേക്ഷകൾ ആരംഭിക്കാവുന്നത്.

ഈ നിയമപ്രകാരം മയക്കുമരുന്ന് കടത്ത് 2(Viii b) എന്നത്

i. കൊക്കൈൻ ഉത്പാദിപ്പിക്കുന്നതിനായി കൊക്കോ ചെടിയോ, ഭാഗങ്ങളോ ശേഖരിക്കുകയോ നട്ടുകയോ ചെയ്യുക.
ii. ഒപ്പിയം നിർമ്മാണത്തിനായുള്ള പോപ്പി ചെടി, ഗഞ്ചാവ് ഇവ നട്ടുക
iii. മയക്കുമരുന്നുകളുടെ ഉത്പാദനം, നിർമ്മാണം, കൈവശം വയ്ക്കൽ, കച്ചവടം ചെയ്യൽ, വാങ്ങൽ, കടത്തൽ, ശേഖരിച്ചുവയ്ക്കൽ, ഒളിപ്പിക്കൽ, ഉപയോഗം, മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കൽ, ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുക, ഇൻഡ്യയിൽ നിന്നും കയറ്റുമതി ചെയ്യുക
iv. മയക്കുമരുന്നുകളുടെ, മുകളിൽ (ii & iii) പറഞ്ഞതിൽ ഉൾപ്പെടാതെയുള്ള ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ
v. NDPS നിയമം, ചട്ടങ്ങൾ ഇവ മൂലം പെർമിറ്റ്/ലൈസൻസ് ലഭിക്കാത്ത ആളുകൾ, അല്ലെങ്കിൽ ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി

1) മയക്കുമരുന്ന് വ്യാപനത്തിനായി സാമ്പത്തികമായി സഹായിക്കുക

2 ) മയക്കുമരുന്ന് വ്യാപനത്തിനായി സഹായിക്കുക, ഗൂഢാലോചന നടത്തുക, അല്ലെങ്കിൽ മറ്റ് സഹായം നൽകുക

3 ) NDPS Act പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരെ ഒളിവിൽ കഴിയുന്നതിന് സഹായിക്കുക

ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് എതിരേയും തടങ്കലിന് ഉത്തരവ്, ക്ഷമതപ്പെട്ട

ഉദ്യോഗസ്ഥന് പുറപ്പെടുവിയ്ക്കാവുന്നതാണ്.

## ഭാഗം II

## കരുതൽ തടങ്കൽ ഉത്തരവിനായുള്ള റിപ്പോർട്ട് (മാതൃക)

-

..........................................ജില്ലയിൽ................................വില്ലേജിൽ...............................................
.വാർഡിൽ.................................. (മേൽവിലാസം) പോലീസ് സ്റ്റേഷൻ പരിധിയിൽ താമസക്കാരനും (കുറ്റകൃത്യങ്ങളുടെ പരിധി സ്ഥലങ്ങൾ) വർഷങ്ങളായി നിയമവ്യവസ്ഥിതിയെ വെല്ലുവിളിച്ച് .................................................................(ഏതു തരം മയക്കുമരുന്നുകളാണെന്നുള്ളത്) രഹസ്യമായി കൈവശപ്പെടുത്തി വില്പനയ്ക്കായി സൂക്ഷിച്ച് പ്രദേശങ്ങളിൽ കൂട്ടുപ്രതികളുടെ സഹായത്തോടു കൂടി ഒരു മയക്കുമരുന്നു ശ്രുംഖല സൃഷ്ടിച്ച് വിതരണം ചെയ്ത് വിദ്യാർത്ഥികളുടേയും മറ്റ് പൊതുജനങ്ങളുടേയും സാമൂഹിക, ആരോഗ്യ, സാമ്പത്തിക സുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ളതും, ക്രമസമാധാന ലംഘനവും, മയക്കുമരുന്നു കച്ചവടവും തുടർന്ന് വരുന്ന ടിയാളുടെ (പ്രതിയുടെ) നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും, പൊതു സുരക്ഷ ഉറപ്പാക്കുന്നതിനും The Prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act 1988 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കേണ്ടത് അനിവാര്യമാണ്.

- *ഇവിടെ ഓരോ പ്രതിയുടേയും പ്രവർത്തികൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ചുള്ള വിവരങ്ങളാണ് ചേർക്കേണ്ടത്*

(പ്രതിയുടെ) അനധികൃത മയക്കുമരുന്നുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ കേസുകളെ സംബന്ധിച്ചും തുടർന്ന് പ്രതിക്കെതിരെ The PIT NDPS Act, 1988 പ്രകാരം കരുതൽ തടങ്കൽ പുറപ്പെടുവിക്കേണ്ട ആവശ്യകതയെക്കുറിച്ചും താഴെ വിവരിക്കുന്നു.

1. പ്രതി ഉൾപ്പെട്ടിട്ടുള്ള കേസ്സുകളുടെ വിവരങ്ങൾ

TABLE-01

| Sl No. | സ്റ്റേഷൻ | ക്രൈം | U/s | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

**ക്രമനമ്പർ പ്രകാരമുള്ള കേസുകളുടെ വിശദവിവരങ്ങൾ**

TABLE-02

| സ്റ്റേഷൻ | ക്രൈം | കൃത്യ ദിവസം | കൃത്യ സ്ഥലം | അളവ് |
|---|---|---|---|---|
| – | – | – | – | – |
| – | – | – | – | – |
| – | – | – | – | – |
| – | – | – | – | – |
| – | – | – | – | – |

-

ക്രൈം നമ്പർ ....................../.................. (മേൽ വിവരിച്ചിരിക്കുന്ന കേസുകളെ സംബന്ധിച്ച വിശദവിവരം നൽകുക)

2. **The PIT NDPS Act, 1988 പ്രകാരം പ്രതിക്കെതിരെ.......................................(പേര്) കരുതൽ തടങ്കൽ പുറപ്പെടുവിക്കേണ്ട ആവശ്യക**

- *പ്രതിയുടെ പ്രവർത്തനം കൊണ്ടുണ്ടാകുന്ന വിവിധ തരത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചാണ് ഇവിടെ പറയേണ്ടത്*

(a) **ആരോഗ്യ സുരക്ഷാ ഭീഷണി**

.................................................(വർഷം) മുതൽ പ്രതിയായ..........................(പേര്) കേസ്സുകൾ പരിശോധിച്ചതിൽ ഏകദേശം......................................................(മയക്കുമരുന്നുകളുടെ ഇനം, അളവ്) നാളിതു വരെയായി വിവിധ സമയങ്ങളിൽ, വിവിധ സ്ഥലങ്ങളിൽ കൂട്ടുപ്രതികളോടൊപ്പം ചേർന്ന് വില്പനയ്ക്കായി ശ്രമിച്ച് എക്സൈസും പോലീസും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്ത് നിയമപരമായി നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതാണ്. പ്രതിയായ .................................................................................. (പേര്) ................................................................................. (താമസിക്കുന്ന പ്രദേശം) .......................... (പ്രവർത്തന രീതി) ...........................................(വിൽക്കുന്ന സ്ഥലങ്ങൾ) വില്പനയ്ക്കായി ശ്രമിച്ചിട്ടുണ്ട്. ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും, ടൂറിസം മേഖലകളും (പേര്), കോളനികളും, ആരാധനാ പരിസരങ്ങളും ...............................................(വില്പനാ മേഖലകൾ) പ്രതിയുടെ മയക്കുമരുന്ന് (പേര്) വില്പനയുടെ മേഖലകളാണ്. ഈ പരിസരങ്ങളിലെല്ലാം തന്നെ പ്രതി....................................... (പേര്) താമസിക്കുന്ന 25 കിലോമീറ്റർ ചുറ്റളവിൽ വരുന്നതും ഈ പരിസരങ്ങളിലെ സ്കൂൾ-കോളേജ് കുട്ടികൾക്കും, വിദേശികൾ ഉൾപ്പെടുന്ന ടൂറിസ്റ്റുകൾക്കും മറ്റു പൊതു ജനങ്ങൾക്കും ആരോഗ്യ സുരക്ഷാ ഭീഷണി ഉളവാക്കുന്ന വിധത്തിൽ നാളിതു വരെ

പ്രവർത്തിച്ചിട്ടുണ്ട്.

(b) **സാമ്പത്തിക സുരക്ഷാ ഭീഷണി**

പ്രതിയായ......................................................(പേര്) വർഷങ്ങളായി അനധികൃതമായി ..............................(മയക്കുമരുന്നുകളുടെ പേര്) കൈവശപ്പെടുത്തി സൂക്ഷിച്ച് വിൽപന നടത്തുന്നതു മൂലം ഈ പ്രദേശങ്ങളിൽ അനധികൃതമായി ധാരാളം സാമ്പത്തിക ഇടപാടുകൾ നടക്കുന്നതിന് കാരണമായിട്ടുണ്ട്. വിവിധ സമയങ്ങളിൽ ............................(വർഷം) മുതൽ പ്രതിയുടെ കൈവശത്തു നിന്നും ഏകദേശം..........................................(തുക) അനധികൃത മയക്കുമരുന്നു വിൽപന നടത്തികിട്ടിയതാണെന്നു ബോദ്ധ്യപ്പെട്ട് പിടിച്ചെടുത്തിട്ടുള്ളതാണ്. ആയതിനാൽ പിടിക്കപ്പെടാത്ത കേസുകളിൽ ഇതിനേക്കാൾ വൻ അനധികൃത സാമ്പത്തിക ഇടപാടുകൾ പ്രതിയും കൂട്ടുപ്രതികളും വർഷങ്ങളായി നടത്തിയിട്ടുണ്ട് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കൂടാതെ പ്രതിയുടെ പ്രവർത്തനങ്ങൾ മൂലം ധാരാളം സ്കൂൾ-കോളേജ് കുട്ടികളും മറ്റുള്ളവരും മയക്കുമരുന്ന് ഉപയോഗത്തിന് വിധേയരായി പ്രദേശത്തെ സാമ്പത്തിക സാമൂഹിക സുരക്ഷയ്ക്ക് വലിയ ഭീഷണി മുൻവർഷങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്............................... (സ്കൂൾ കുട്ടികൾക്ക് മയക്കുമരുന്നു വിൽപന നടത്തിയ കേസുകളുടെ വിവരം). ആയതിൽ നിന്നും സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ളവരെ ഉപഭോക്താക്കളാക്കി പ്രതിയായ.................................. (പേര്) സമൂഹത്തിന്റെ സാമ്പത്തിക സാമൂഹിക സുരക്ഷയ്ക്ക് ഭീഷണിയായി പ്രവർത്തിച്ചതായി വ്യക്തമാണ്.

(c) **പ്രവർത്തനമേഖല**

പ്രതിയായ.................................
(പേര്)..........................................................................................................(പ്രവർത്തന മേഖലകളുടെ വിവരണം). മേല്പടി പ്രദേശങ്ങൾ എല്ലാം തന്നെ പ്രതിയുടേയും കൂട്ടു പ്രതികളുടേയും അനധികൃത മയക്കു മരുന്നു വില്പനയുടെ ശ്രുംഖല കേന്ദ്രങ്ങളാണ്. വിദ്യാർത്ഥികളും, പൊതുജനങ്ങളും ഉൾപ്പെടുന്ന ഈ മേഖലകൾ എല്ലാം ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും ആയത് "The Prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act, 1988" നിയമത്തിലെ "Area Highly Vulnerable to such Illicit Traffic" ആകുന്നു.

(d) **പ്രവർത്തന രീതി**

മുൻവർഷങ്ങളിൽ വിവിധ കേസുകളിൽ പ്രതിയായ ...................................................(പേര്)-ൽ നിന്നും ...................................................(മയക്കുമരുന്ന്, അളവ്, കണ്ടെടുത്ത തുക) എക്സൈസും പോലീസും കണ്ടെടുത്ത് നിയമ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്.

...............................................(പ്രവർത്തന രീതിയുടെ വിവരണം)

(e) **നിയമവ്യവസ്ഥയോടുള്ള വെല്ലുവിളി**

.......................(വർഷം) മുതൽ പ്രതിയായ.....................................(പേര്) കേസ്സുകൾ പരിശോധിച്ചതിൽ അറസ്റ്റ്, ജൂഡീഷ്യൽ കസ്റ്റഡി, ജാമ്യ വ്യവസ്ഥകൾ, ശിക്ഷ എന്നിവ ഉണ്ടായിട്ടുള്ളതും ആയത് ഒന്നും തന്നെ പ്രതിയെ അനധികൃത മയക്കുമരുന്നായ..........................(പേര്) കൈവശപ്പെടുത്തി സൂക്ഷിച്ച് വിതരണം ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ സാധിച്ചിട്ടില്ലായെന്ന് വളരെ വ്യക്തവുമാണ്.................................................(പൊതുസുരക്ഷയ്ക്ക് ഭീഷണിയായ കേസുകളുടെ വിവരം)........................................................................................................ (ജാമ്യത്തിലിറങ്ങി വീണ്ടും നിയമവാഴ്ചയെ വെല്ലുവിളിച്ച് മയക്കുമരുന്ന കൈവശപ്പെടുത്തി വില്പനയ്ക്കായി സൂക്ഷിച്ച് വിതരണം നടത്തി പൊതു സുരക്ഷയ്ക്ക് ഭീഷണിയായ കേസുകളുടെ വിവരം)................................................................(മറ്റേതെങ്കിലും രീതിയിൽ നിയമവാഴ്ചയെ വെല്ലുവിളിച്ച് സമൂഹത്തിനു ഭീഷണിയായി തുടരുന്നതിന്റെ വിവരങ്ങൾ)

മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും..............................................(പ്രതിയുടെ പേര്, വിലാസം) എന്നയാൾ നിരന്തരമായി മയക്കുമരുന്നായ......................................................(പേര്) രഹസ്യമായി കൈവശപ്പെടുത്തി വില്പനയ്ക്കായി സൂക്ഷിച്ച് 'Highly Sensitive' പ്രദേശങ്ങളിൽ PIT NDPS Act section 10 (i) പ്രകാരമുള്ള നടപടിക്ക് ഈ വിവരങ്ങൾ കൂടി ചേർക്കണം. കൂട്ടുപ്രതികളുടെ സഹായത്തോട് കൂടി ഒരു മയക്കുമരുന്ന ശൃംഖല സൃഷ്ടിച്ച് വിതരണം ചെയ്ത് വിദ്യാർത്ഥികളുടേയും മറ്റു പൊതുജനങ്ങളുടേയും സാമൂഹിക ആരോഗ്യ സാമ്പത്തിക സുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ളതും, നിലവിലെ നിയമസംവിധാനത്തെ വെല്ലുവിളിച്ചു കൊണ്ട് ക്രമസമാധാന ലംഘനവും, മയക്കുമരുന്ന കച്ചവടവും തുടർന്നു വരുന്നതു കൊണ്ട് പ്രതിയുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിലേക്ക് The Prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act, 1988 പ്രകാരം പരമാവധി കാലയളവിലേയ്ക്കുള്ള കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ രേഖകളുടേയും പകർപ്പുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

TABLE-03

| SI No. | രേഖകളുടെ വിവരം | Exbt. |
|---|---|---|
| | | |
| | | |
| | | |

HQ/20/2022/EXCISE

**(ഓരോ പ്രതിയുടേയും/ വ്യക്തിയുടേയും കുറ്റകരമായ പശ്ചാത്തലമനുസരിച്ച് പ്രസക്തമായ കാര്യങ്ങൾ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് ഇത് തയ്യാറാക്കേണ്ടത്)**

S. AANANTHAKRISHNAN IPS

Signed by
S. Aananthakrishnan Ips
Date: 18-10-2022 12:38:04

എക്സൈസ് കമ്മീഷണർ

<u>പകർപ്പ്</u>

1. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
2. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
4. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
5. എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും
6. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
7. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) സി.എ. യ്ക്ക്
8. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) സി.എ. യ്ക്ക്
9. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ